"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി - മലപ്പുറം ജില്ല - വള്ളിക്കുന്ന് നിയോജക മണ്ഡലം - ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ "സ്പിന്നിഗ് മിൽ - അത്താണി - പുല്ലംകുന്ന് റോഡ്", "ചേലൂപാടം - പനയപ്പുറം - ആലങ്ങോട്ടുചിറ റോഡ്" എന്നീ പ്രവർത്തികൾക്ക് പകരം "മങ്ങാട്ടുകുളങ്ങര - കോഴിമൂളിപൊറ്റ റോഡ്" എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(കൈ) നം.207/2023/LSGD തീയതി,തിരുവനന്തപുരം, 27-11-2023

---

പരാമർശം:-

1. 04.05.2020 തീയതിയിലെ സ.ഉ.(കൈ)നം.71/2020/ത.സ്വ.ഭ.വ.
2. ബഹു. വള്ളിക്കുന്ന് എം.എൽ.എയുടെ 27.06.2023 തീയതിയിലെ No.136/Vallikkunnu/2023 കത്ത്.
3. ബഹു. വള്ളിക്കുന്ന് എം.എൽ.എയുടെ 10.10.2023, 16.10.2023 തീയതികളിലെ No.207/Vallikkunnu/2023 കത്ത്.
4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.09.2023, 14.11.2023 തീയതികളിലെ നമ്പർ: LSGD/PD/49009/2023-DB4 കത്ത്.
5. 13.10.2023 തീയതിയിലെ സ.ഉ.(കൈ)നം.182/2023/ത.സ്വ.ഭ.വ.

**ഉത്തരവ്**

പരാമർശം (1) പ്രകാരം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ല, വള്ളിക്കുന്ന് നിയോജക മണ്ഡലം, ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ സ്പിന്നിഗ് മിൽ - അത്താണി - പുല്ലംകുന്ന് റോഡ് എന്ന പ്രവൃത്തിക്ക് 16,00,000/- രൂപയുടെയും ചേലൂപാടം - പനയപ്പുറം - ആലങ്ങോട്ടുചിറ റോഡ് എന്ന പ്രവൃത്തിക്ക് 10,00,000/- രൂപയുടെയും ഭരണാനുമതി നൽകിയിരുന്നു.

പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുകയും കരാറുകാരൻ 21.07.2020 ൽ പ്രവൃത്തി ഏറ്റെടുത്ത് കരാറിൽ ഏർപ്പെടുകയും ചെയ്തെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ലെന്നും ആയതിനാൽ ടി പ്രവൃത്തികൾക്ക് പകരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ "മങ്ങാട്ടുകുളങ്ങര - കോഴിമുളിപൊറ്റ റോഡിന് " 26,00,000/- രൂപയുടെ ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു.വള്ളിക്കുന്ന് എം.എൽ.എ പരാമർശം (2) പ്രകാരം കത്ത് നൽകിയിരുന്നു.

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് ഇനിയും കാലാവധി ദീർഘിപ്പിച്ച് നൽകുന്നതല്ല എന്ന നിബന്ധനയോടെ പരാമർശം (5) പ്രകാരം 31.03.2024 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ "മങ്ങാട്ടുകുളങ്ങര - കോഴിമുളിപൊറ്റ റോഡ് " എന്ന പ്രവൃത്തിയിൽ കൽവെർട്ട് നിർമ്മാണവും, റോഡ് കോൺക്രീറ്റിങ്ങുമാണ് ഉൾപെട്ടിട്ടുള്ളതെന്നും, ടി പ്രവൃത്തിക്ക് 2023 നവംബർ 30 ന് അകം ഭരണാനുമതി ലഭ്യമാവുകയാണെങ്കിൽ 31.03.2024 ന് അകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ മലപ്പുറം ജില്ല, വള്ളിക്കുന്ന് നിയോജക മണ്ഡലം, ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ "സ്പിന്നിഗ് മിൽ - അത്താണി - പുല്ലംകുന്ന് റോഡ്", "ചേലൂപാടം - പനയപ്പുറം - ആലങ്ങോട്ടുചിറ റോഡ്" എന്നീ പ്രവൃത്തികൾ റദ്ദ് ചെയ്ത് പകരം ടി പ്രവൃത്തികൾക്കായി അനുവദിച്ച 26,00,000/- രൂപ ഉപയോഗിച്ച്

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ "മങ്ങാട്ടുകുളങ്ങര - കോഴിമൂളിപൊറ്റ റോഡ് " എന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പകർപ്പ്
ശ്രീ. അബ്ദുൽ ഹമീദ് പി, എം.എൽ.എ വള്ളിക്കുന്ന് നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം ജില്ലാപഞ്ചായത്ത്.
സെക്രട്ടറി ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്.
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Geetha.t.s
സെക്ഷൻ ഓഫീസർ
Date: 27-11-2023 12:35:30